I/102574/2023

**<u>തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടറുടെ</u>**
**<u>കാര്യാലയം, മലപ്പുറം</u>**

ഇമെയിൽ : jdlsgdmpm@gmail.com

തീയ്യതി : 18-10-2023
ഫോൺ : 0483- 2734838

**<u>ജില്ലാ സ്ഥിരം അദാലത്ത് സമിതി</u>**

കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, കെട്ടിട നമ്പറിംഗ്, ലൈസൻസുകൾ, ജനന മരണ വിവാഹ രജിസ്ട്രേഷൻ, എന്നീ വിഷയങ്ങളിൽ അപേക്ഷ നൽകിയിട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം നൽകാത്ത കാര്യത്തിൽ ഹർജി പരിഗണിക്കുന്നതിന് ജില്ല സ്ഥിരം അദാലത്ത് സമിതി വെബ്സൈറ്റ് (adalat.lsgdkerala.gov.in)

**<u>അദാലത്ത് നമ്പർ - 4, തീയതി - 12/10/2023 - യോഗത്തിന്റെ നടപടി കുറിപ്പ്</u>**

12/10/2023 വ്യാഴാഴ്ച ഉച്ചക്ക് ശേഷം 3.00 മണിക്ക് ബഹു.ജില്ലാ ജോയിൻറ് ഡയറക്ടറുടെ ചേമ്പറിൽ വച്ച് ജില്ലാ സ്ഥിരം അദാലത്ത് സമിതി യോഗം ചേർന്നു.

<u>ഹാജർ</u>

1) ശ്രീമതി. പ്രീതി മേനോൻ, തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർ, മലപ്പുറം. & ചെയർപേഴ്സൺ, ജില്ലാ സ്ഥിരം അദാലത്ത് സമിതി.
2) ശ്രീമതി. ദേവകി.എൻ.കെ, അസിസ്റ്റന്റ് ഡയറക്ടർ(3), ജോയിൻറ് ഡയറക്ടർ ഓഫീസ് മല്പപുറം & കൺവീനർ, ജില്ലാ സ്ഥിരം അദാലത്ത് സമിതി
3) ഡോ. പ്രദീപ് ആർ, ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം & മെമ്പർ, ജില്ലാ സ്ഥിരം അദാലത്ത് സമിതി
4) ശ്രീ.മുഹമ്മദ് അസ്ലം .പി, AE for EE ഓഫീസ് LID & EW
5) ശ്രീ. കൃഷ്ണകുമാർ.ജി, ജൂനിയർ സൂപ്രണ്ട്, ജോയിൻറ് ഡയറക്ടർ ഓഫീസ്, മലപ്പുറം
6) ശ്രീമതി. വിമിഷ.കെ, ക്ലാർക്ക് ജോയിന്റ് ഡയറക്ടർ ഓഫീസ്, മലപ്പുറം

I/102574/2023

7) ശ്രീ. ദുല്പിക്കർ.കെ.കെ, സീനിയർ ക്ലാർക്ക്, പൊന്മുണ്ടം ഗ്രാമ പഞ്ചായത്ത്
8) ശ്രീ. ഷാജഹാൻ.എം.കെ, പരാതിക്കാരൻ

കൃത്യം 3.00 pm ന് യോഗം ആരംഭിച്ചു.

ജില്ലാ തലത്തിലേക്ക് എസ്കലേറ്റ് ചെയ്യപ്പെട്ട 2 പരാതികൾ ഉണ്ടായിരുന്നു.

1. ചോക്കാട് ഗ്രാമപഞ്ചായത്തിലെ ശ്രീ .അബ്ദുസ്സലാം, കുമ്മാളി എന്നവരുടെ കെട്ടിട നമ്പറിംഗിനായുള്ള അപേക്ഷ പ്രോസസ്സ് ചെയ്യുന്നതിൽ കാലതാമസം നേരിട്ടതിന്മേൽ സ്വമേധയാ ഉപജില്ലാ അദാലത്തിൽ ഏറ്റെടുത്ത പ്രശ്നത്തിന്മേൽ രേഖകൾ, വിവരങ്ങൾ പരിശോധിച്ചും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണവും പരിശോധിച്ച ചർച്ച ചെയ്തു.

   ശ്രീ .അബ്ദുസ്സലാം 19/07/2023 ന് സമർപ്പിച്ച 3276/2023 നമ്പർ അപേക്ഷയിന്മേൽ കാലതാമസം നേരിട്ടിട്ടുണ്ടെന്ന് നിരീക്ഷിച്ചു. നിലവിലുള്ള സെക്ഷൻ ക്ലാർക്ക് 12/07/2023 ൽ സ്ഥലം മാറിപ്പോയതിനാലും പകരം ചുമതല നൽകിയ ജീവനക്കാരൻറെ അധിക ജോലിഭാരം മൂലവും പുതിയതായി ക്ലാർക്ക് 05/08/2023 ലാണ് ജോലിയിൽ പ്രവേശിച്ചതെന്നും അപേക്ഷകനെ ടെലിഫോൺ മുഖേന വിവരം അറിയിച്ചതായും കെട്ടിടത്തിൻറെ തറ വിസ്തീർണ്ണം 100 ച. മീറ്ററിൽ അധികരിച്ച് വരുന്നതിനാൽ ലൈസൻസുള്ള ബിൽഡിംഗ് സൂപ്പർ വൈസർ തയ്യാറാക്കിയ പ്ലാൻ ഹാജരാക്കണമെന്ന് വ്യക്തമായ കാരണം രേഖപ്പെടുത്തി അപേക്ഷ നിരസിച്ചും നിയമാനുസൃതം പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കി 03/10/2023 ന് അപേക്ഷകന് അറിയിപ്പ് നല്കിയതായും ചോക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ 11/10/2023 ലെ എസ്3- 3276/2023 നമ്പർ വിശദീകരണം അംഗീകരിച്ച കൊണ്ട് മേലിൽ അപേക്ഷകളിൽ ഇത്തരത്തിൽ കാലതാമസം വരുത്തരുതെന്ന് ചോക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി പരാതി തീർപ്പാക്കി.

2. പൊന്മുണ്ടം ഗ്രാമപഞ്ചായത്തിലെ ഷാജഹാൻ മേലേക്കാട്ടിൽ എന്നവരുടെ കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷയിന്മേലുള്ള പരാതി രേഖകൾ, വസ്തുതകൾ, റിപ്പോർട്ടുകൾ, മൊഴികൾ എന്നിവ പരിശോധിച്ച് വിശദമായി ചർച്ച ചെയ്തു.

   ഹർജിക്കാരനായ ശ്രീ. ഷാജഹാൻ എന്നവർക്ക് ടിയാൻറെ ഉടമസ്ഥതയിലുള്ള സർവ്വേ 301/11 ൽ ഉൾപ്പെട്ട 0.0673 ഭൂമിയിൽ 192.49 ച. മീറ്റർ തറ വിസ്തൃതിയുള്ള വാസഗൃഹം നിർമ്മിക്കുന്നതിന് 27/11/2015 ൽ പൊന്മുണ്ടം ഗ്രാമ പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണാനുമതി ലഭിച്ചിരുന്നു. പെർമിറ്റിൻറെ കാലാവധി 26/11/2018 ൽ അവസാനിച്ചിരുന്നു. 06/05/2023 ൽ ടി പെർമിറ്റ് പുതുക്കുന്നതിനായി ശ്രീ. ഷാജഹാൻ അപേക്ഷ നൽകി. അതിർത്തിയിൽ നിന്നും

സെറ്റ്ബാക്ക് പാലിക്കാതെ ടോയലെറ്റ് ബ്ലോക്ക് അനധികൃതമായി നിർമ്മിച്ചതിനാലും പെർമിറ്റിൽ നിന്നും വ്യതിചലിച്ച് കൂട്ടിച്ചേർക്കലുകൾ (60 ച. മീറ്റർ) നടത്തിയതിനാലും കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കുന്നതിന് കഴിയില്ല എന്ന് സ്ഥല പരിശോധന നടത്തിയ ഓവർസിയർ റിപ്പോർട്ട് ചെയ്തു. ആയതിൻറെ അടിസ്ഥാനത്തിൽ 20/05/2023 ലെ 400912/BARE01/GPO/2023/3039 (1) നമ്പർ കത്ത് പ്രകാരം പെർമിറ്റ് പുതുക്കി നൽകുന്നതിന് കഴിയുകയില്ല എന്നും കെട്ടിടം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷകനെ അറിയിച്ചു. ക്രമവത്കരണത്തിന് അപേക്ഷിക്കുവാൻ അറിയിപ്പ് നൽകിയിരുന്നെങ്കിലും നാളിതുവരെ അപാകതകൾ പരിഹരിച്ച് അപേക്ഷ നൽകിയിട്ടില്ലെന്ന് അദാലത്തിൽ പങ്കെടുത്ത സെക്ഷൻ ക്ലാർക്ക് അറിയിച്ചു.

കെട്ടിടം ക്രമവത്കരിക്കുന്നതിനായി അപേക്ഷ നൽകുമ്പോൾ ക്രമവത്കരണ ഫീസായി രണ്ടിരട്ടി ഫീസ് അടവാക്കേണ്ടി വരുന്നു. അറിവില്ലായ്മ മൂലമാണ് പെർമിറ്റിൽ നിന്നും വ്യതിചലിച്ച് കൂട്ടിച്ചേർക്കൽ നടത്തിയതെന്നും പെർമിറ്റ് പുതുക്കി നൽകാത്ത സാഹചര്യത്തിൽ അനുമതി ലഭിച്ച് നിർമ്മിച്ച കെട്ടിട ഭാഗത്തിനു കൂടി കേരമവത്കരണ ഫീസ് നൽകേണ്ടതായി വരുന്നു. ആയത് ഒഴിവാക്കി കിട്ടണമെന്നതാണ് പരാതിക്കാരൻറെ ആവശ്യം. തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിൻറെ 02/12/2015 ലെ 12900/ആർ.എ1/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം അനുവദിക്കപ്പെട്ട പെർമിറ്റിലെ, അംഗീകൃത പ്ലാനിലെ നിർമ്മാണ സ്ഥലം, സ്ഥല വിസ്തീർണ്ണം, നിർമ്മിക്കുന്ന കെട്ടിടത്തിൻറെ (കെട്ടിടങ്ങളുടെ) വിസ്തീർണ്ണം, ഉയരം, ഉപയോഗം, സ്ഥാനം, നിലകളുടെ എണ്ണം, കെട്ടിടങ്ങളുടെ ലേഔട്ട് മുതലായവയിൽ എന്തെങ്കിലും വ്യതിയാനം (കെ.പി.ബി.ആർ ചട്ടം 10 ന് കീഴിൽ അനുവദനീയമായ പ്രവർത്തികൾ ഒഴികെയുള്ളവ) ഉണ്ടെങ്കിൽ പുതിയ പെർമിറ്റ് ആണ് നൽകേണ്ടതെന്നും പെർമിറ്റ് പുതുക്കി കൊടുക്കുകയോ നീട്ടി കൊടുക്കുകയോ ചെയ്യാവുന്നതല്ലായെന്നും ഇതിലേക്കുള്ള അപേക്ഷ പുതിയ അപേക്ഷയായി പരിഗണിക്കേണ്ടതും പുതിയ പെർമിറ്റ് അനുവദിക്കുന്ന രീതിയിലെ ചട്ടങ്ങൾ ബാധകമാക്കുകയും ചെയ്യേണ്ടതെന്നുമാണ് പറയുന്നത്. മേൽ പരാമർശ സർക്കുലറിൻറെ അടിസ്ഥാനത്തിൽ അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തിയാൽ പെർമിറ്റ് പുതുക്കി നൽകുകയല്ല വേണ്ടത് എന്നും ക്രമവത്കരിക്കുന്നതിന് പുതിയ അപേക്ഷ സ്വീകരിക്കുകയാണ് വേണ്ടതെന്നും കാണുന്നു. ആയതിനാൽ സെക്രട്ടറിയുടെ നടപടി ശരിയാണെന്ന് കാണുന്നു.

ഇപ്രകാരം കെട്ടിടം ക്രമവത്കരിക്കുമ്പോൾ നിലവിൽ സാധുതയുള്ള പെർമിറ്റ് ഇല്ലാത്തതിനാൽ നേരത്തേ പെർമിറ്റ് ലഭ്യമാക്കിയ ഭാഗം കൂടി ക്രമവത്കരിക്കേണ്ട സാഹചര്യം വരികയും ക്രമവത്കരണ ഫീസായി നിലവിലുള്ള പെർമിറ്റ് ഫീയുടെ ഇരട്ടി അടവാക്കേണ്ടതുമാണ്. നിയമലംഘനങ്ങൾ പരിഹരിച്ചതിനു ശേഷം ക്രമവത്ക്കരണത്തിന് അപേക്ഷ നൽകുന്നതിനും ക്രമവത്കരണ ഫീസ് ഒഴിവാക്കി നൽകാനാവില്ലെന്നും അപേക്ഷകനെ അറിയിച്ചും അപാകത

പരിഹരിച്ച് അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ എത്രയും വേഗം അപേക്ഷ പരിശോധിച്ച് സേവനം നൽകുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചും തീരുമാനിച്ചു.

യോഗം 5 pm ന് അവസാനിച്ചു.

വിശ്വസ്തതയോടെ,

Signed by
Preeti Menon
Date: 18-10-2023 23:05:04

ജോയിൻറ് ഡയറക്ടർ

മലപ്പുറം

പകർപ്പ്:- 1) ഐ.വി.ഒ, ശ്രീ.അബു ഫൈസൽ.
2) സെക്രട്ടറി, പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്.
3) ശ്രീ.ഷാജഹാൻ.എം.കെ, പരാതിക്കാരൻ.

.